KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

Ref No:12404 31/05/2023

## സർക്കുലർ നമ്പർ 24/2023 (BD)

വിഷയം: ശ്രീ. മമ്മിയൂർ ദേവസ്വത്തിലെ സ്ഥിരം ജീവനക്കാരുടെ ശമ്പള സർട്ടിഫിക്കറ്റ് നമ്മുടെ എല്ലാ പദ്ധതികളിലും ജാമ്യമായി സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന: 09/05/2023 തീയതിയിലെ 570-മത് ഡയറക്ടർ ബോർഡ് യോഗത്തിൽ എടുത്ത 9936 - മത് നമ്പർ തീരുമാനം.

****

മേൽ സൂചന പ്രകാരം ശ്രീ. മമ്മിയൂർ ദേവസ്വം, ഗുരുവായൂർ, 680 101 തൃശ്ശൂർ ജില്ല, എക്സിക്യൂട്ടീവ് ഓഫീസറുടെ അപേക്ഷ പരിഗണിച്ച് പ്രസ്തുത സ്ഥാപനത്തിലെ സ്ഥിരം ജീവനക്കാരുടെ ശമ്പള സർട്ടിഫിക്കറ്റ് കെ.എസ്.എഫ്.ഇ യുടെ വിവിധ സ്കീമുകളിൽ ജാമ്യമായി സ്വീകരിക്കുന്നതിന് അംഗീകൃത സ്ഥാപനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി തീരുമാനമെടുത്തിട്ടുണ്ട്.

പ്രസ്തുത അപേക്ഷ പ്രകാരം ശ്രീ. മമ്മിയൂർ ദേവസ്വം, മലബാർ ദേവസ്വം ബോർഡിന് കീഴിലെ സൂപ്പർ ഗ്രേഡ് ക്ഷേത്രമാണ്. വാർഷിക വരുമാനം 4 കോടിക്ക് മുകളിൽ വരുന്ന ക്ഷേത്രമാണ് സൂപ്പർ ഗ്രേഡ് വിഭാഗത്തിൽപ്പെടുന്നതെങ്കിലും 7 കോടിക്ക് മുകളിൽ വാർഷിക വരുമാനമുള്ള ക്ഷേത്രമാണ് മമ്മിയൂർ ക്ഷേത്രം. ക്ഷേത്ര ജീവനക്കാർക്ക് സർക്കാർ നിരക്കിലുള്ള ശമ്പളമാണ് അനുവദിച്ചു വരുന്നത്. മമ്മിയൂർ ദേവസ്വത്തിന് പ്രത്യേകമായി തയ്യാറാക്കിയ ഭരണ പദ്ധതി വ്യവസ്ഥ പ്രകാരം മലബാർ ദേവസ്വം ബോർഡിൽ നിന്നും നിയമിക്കപ്പെടുന്ന എക്സിക്യൂട്ടീവ് ഓഫീസറാണ് ക്ഷേത്ര ഭരണം നിർവഹിച്ചു വരുന്നത്. ജീവനക്കാരുടെ ശമ്പള വിതരണത്തിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥനും ഈ എക്സിക്യൂട്ടീവ് ഓഫീസറാണ്.

ഈ സർക്കുലർ തീയതി മുതൽ മേൽ പറഞ്ഞ സ്ഥാപനത്തിലെ സ്ഥിരം ജീവനക്കാരുടെ ശമ്പള സർട്ടിഫിക്കറ്റുകൾ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ജാമ്യമായി സ്വീകരിക്കാവുന്നതാണ്.

1. ശമ്പള സർട്ടിഫിക്കറ്റിലും റിക്കവറി സർട്ടിഫിക്കറ്റിലും ഒപ്പിടേണ്ട മേലധികാരി എക്സിക്യൂട്ടീവ് ഓഫീസറാണ്.
2. SREG ജീവനക്കാരെ സംബന്ധിച്ച് നിലവിലുള്ള എല്ലാ നിബന്ധനകളും കാലാകാലങ്ങളിൽ SREG ജാമ്യ വ്യവസ്ഥകളിൽ വരുന്ന മാറ്റങ്ങളും ഈ സ്ഥാപനത്തിലെ മേൽ പറഞ്ഞ ജീവനക്കാർക്കും ബാധകമായിരിക്കും.
3. കെ.എസ്.എഫ്.ഇ നൽകുന്ന ഗവൺമെന്റ് നിർദ്ദേശിച്ച പ്രകാരമുള്ള ശമ്പള സർട്ടിഫിക്കറ്റിന്റെ നിർദ്ദിഷ്ട ഫോറം കൃത്യമായി പൂരിപ്പിച്ച് വരിക്കാരൻ/ വായ്പക്കാരൻ/ ജാമ്യക്കാരൻ എന്നിവരുടേയും എക്സിക്യൂട്ടീവ് ഓഫീസറുടേയും ഒപ്പുകൾ സഹിതമാണ് കെ.എസ്.എഫ്.ഇ യിൽ ജാമ്യത്തിനായി സമർപ്പിക്കേണ്ടത്.

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**ഡോ. സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

**To:- എല്ലാ ശാഖാ തലവന്മാർക്കും**

**പകർപ്പ്**

1. **എല്ലാ മേഖലാ ഓഫീസുകൾക്കും**
2. **എല്ലാ IAD ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും**
3. **MD യുടെ PA**
4. **ഹെഡോഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും**
5. **എല്ലാ SDT ഓഫീസുകൾക്കും**
6. **സർക്കുലർ ഫയൽ**